കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ - 2016-17-വാർഷിക പദ്ധതി അംഗീകാരം സംബന്ധിച്ച് സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. **2380** /2016/ തസ്വഭവ തീയതി, തിരുവനന്തപുരം : **06.08.2016.**

**പരാമർശം :-** 27.07.2016 -ൽ ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1.1, 1.2,1. 4 നമ്പർ തീരുമാനങ്ങൾ.

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശ തീരുമാനപ്രകാരം സ്പിൽ ഓവർ പദ്ധതി ഭേദഗതി, പ്രോജക്ട് വെറ്റിംഗ്, അധിക പദ്ധതി വിഹിതം എന്നിവ സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ഭേദഗതി അനുവദിക്കേണ്ടതില്ല. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചത് വർഷത്തിന്റെ അവസാന ദിവസമായതിനാൽ ഈ ഫണ്ടുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് 15.04.2014-ലെ സ.ഉ(സാധാ)നം. 1458/2016/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. പ്രോജക്ടുകളുടെ വെറ്റിംഗ് നടത്തുന്ന ഉദ്യോഗസ്ഥന്മാർ വ്യക്തമായ കാരണം രേഖപ്പെടുത്താതെ അനുമതി നിഷേധിക്കാൻ പാടില്ല. നിരസിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിയമവിധേയമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മറ്റ് പ്രോജക്ടുകൾക്കൊപ്പം സുലേഖയിൽ അപ്പീൽ മാർക്ക് ചെയ്ത് ഡി.പി.സി.യ്ക്ക് അയയ്ക്കാവുന്നതാണ്. ഡി.പി.സി അത്തരം പ്രോജക്ട് പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. പരിശോധനയിൽ നിരസിക്കുന്ന പ്രോജക്ടുകൾ ഒഴികെയുള്ളവയ്ക്ക് ഡിപിസി. അംഗീകാരം നൽകേണ്ടതാണ്. ഈ സംവിധാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്.

3. 2016-17 വാർഷിക ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ധനസഹായമായി വകയിരുത്തിയ 500 കോടി രൂപയിൽ നിന്നും 191.97 കോടി രൂപ ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും സംസ്ഥാന ആസൂത്രണ ബോർഡിനു സമർപ്പിച്ചിട്ടുള്ള ശുചിത്വത്തിന്റെ ഭാഗമായുള്ള ഖര/ദ്രവ മാലിന്യ സംസ്കരണം, ശ്മശാനങ്ങളുടെ നിർമ്മാണം ആധുനിക അറവുശാലകളുടെ നിർമ്മാണം, തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണം എന്നീ പ്രോജക്ടുകൾക്ക് 70% സംസ്ഥാനവിഹിതമായി തുക വകയിരുത്തുന്നതിന് അനുമതി നൽകുന്നു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**